(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തെ രക്ഷിക്കാൻ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ ആരോഗ്യവകുപ്പ് വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 16.8 ലക്ഷം രൂപയുടെ മരുന്നുകൾ.

(സി) നടപടി സ്വീകരിച്ചു വരുന്നു.

ടെലി മെഡിസിൻ സംവിധാനം

98 (3852) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആദ്യമായി ടെലിമെഡിസിൻ സംവിധാനം ഏർപ്പെടുത്തിയത് എന്നാണെന്നും അത് എവിടെയൊണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിന് ഏതെങ്കിലും കമ്പനികൾ അപേക്ഷ നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കേരളത്തിൽ ആദ്യമായി ടെലി മെഡിസിൻ ഏർപ്പെടുത്തിയത് 2001-ൽ 'ക്യാൻസർ നെറ്റ്' എന്ന പേരിൽ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ കേന്ദ്രീകരിച്ചാണ്.

(ബി) ഒരു കമ്പനിയും അപേക്ഷ നൽകിയിട്ടില്ല.

ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ

99 (3854) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോർപ്പറേഷൻ, മുൻസിപ്പൽ പ്രദേശങ്ങളിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് ആരോഗ്യ വകുപ്പിന്റെ കീഴിൽ ജീവനക്കാരുടെ അനുവദിക്കപ്പെട്ട തസ്തികകൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) കോർപ്പറേഷൻ, മുൻസിപ്പൽ പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന മുൻസിപ്പൽ കോമൺ സർവ്വീസിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടോ ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. കോർപ്പറേഷൻ, മുൻസിപ്പൽ പ്രദേശങ്ങളിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങളെ സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകൾ നടന്നുവരുന്നു.

ആരോഗ്യ ബോധവൽക്കരണത്തിന്റെ ഭാഗമായി രോഗപ്രതിരോധത്തിന്റെ ആവശ്യകത കാണിച്ചുകൊണ്ടുള്ള നോട്ടീസുകൾ പ്രിന്റ് ചെയ്ത് നഗരത്തിന്റെ എല്ലാ ഭാഗങ്ങളിലും, സ്കൂളുകളിലും, പൊതുസ്ഥലങ്ങളിലും കേന്ദ്രീകരിച്ച് വിതരണം ചെയ്യുന്നു. നഗര ശുചീകരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി യോഗങ്ങൾ വിളിച്ചുകൂട്ടി പൊതുജനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും, എലിപ്പനി, ഡങ്കിപ്പനി, മലേറിയ തുടങ്ങിയ പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് ഈ രോഗങ്ങളെകുറിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു.

പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന്റെ ഭാഗമായി പൊതുജനങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ ബോധവൽക്കരണം നൽകുന്നതിന് റസിഡൻഷ്യൽ അസോസിയേഷൻ, വ്യാപാരി സംഘടന, ഹോട്ടൽ, റസ്റ്റോറന്റ് അസോസിയേഷൻ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറുകൾ നടത്തുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വിവിധ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിന് നടപടി

100 (3855) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം പകർച്ചവ്യാധിയുടെ പിടിയിലകപ്പെട്ട ഈ അവസരത്തിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതായ ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) ഈ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നുള്ള വിവരം ഇനം തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) ഒഴിഞ്ഞുകിടക്കുന്ന ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ പ്രമോഷൻ വഴി നികത്തുവാൻ വേണ്ട നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പൂർത്തീകരിക്കാത്തതിനാലാണ് ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി പ്രമോഷൻ നൽകാൻ കഴിയാത്തത്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly